# e-താളുകൾ




ലിറ്റിൽ കൈറ്റ്സ് 2019 - 21

ജി.എച്ച്.എസ്.എസ്. ചീമേനി

# ആശംസ

**ഹെഡ് മാസ്റ്റർ**
**ശ്രീ. എൻ.നാരായണൻ മാസ്റ്റർ**

ഒരു നവകേരളം സൃഷ്ടിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളിൽ ഏറ്റവും സുപ്രധാനമാണ് '**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**'. മുൻപ് കാണാത്ത വിധം നമ്മുടെസംസ്ഥാനത്തിലെ പൊതുവിദ്യാഭ്യാസ മേഖല ശക്തിപ്പെടുന്നതിനും, പുത്തൻ ഉണർവ്വോടെ കുതിക്കുന്നതിനും ഇത് കാരണമായിത്തീർന്നിരിക്കുകയാണല്ലോ ?

ഹൈടെക് വിദ്യാലയങ്ങളിലെ ഐ.ടി.കൂട്ടായ്മയായി ഈ വിദ്യാലയത്തിൽ വളരെ സജീവമായി പ്രവർത്തിച്ചു വരുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൽ കുട്ടികൾ വിവരവിനിമയ സാങ്കേതിക വിദ്യയിൽ വിദഗ്ധ പരിശീലനം നേടി വരുന്നത് ഏറെ പ്രതീക്ഷകൾക്ക് ഇടം നൽകുന്നു.

അവരുടെ പരിശീലനത്തിന്റെ ഭാഗമായി '**e - താളുകൾ**' എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാകയാണ്. ഈ വിദ്യാലയത്തിന് ഏറെ അഭിമാനകരമായ രീതിയിൽ മികവുറ്റ ഒരു പ്രവർത്തനമായി ഇത് പരിഗണിക്കാവുന്നതാണ് എന്ന് സസന്തോഷം അറിയിച്ചു കൊണ്ട്, ഈ സംരംഭത്തിൽ പങ്കാളികളായ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ മുഴുവൻ അംഗങ്ങളെയും, അവർക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്ന കൈറ്റ് മാസ്റ്റർമാരെയും ഹൃദ്യമായി അഭിനന്ദിക്കുകയും, ഈ മാഗസിന് എല്ലാ ആശംസകളും നേരുകയും ചെയ്യുന്നു.

എന്ന്,

എൻ.നാരായണൻ ,
ഹെഡ് മാസ്റ്റർ ,
ജി എച്ച് എസ്സ് എസ്സ് ചീമേനി.

ചീമേനി,
ജനുവരി 10, 2020.

# ആശംസ

**പി ടി എ പ്രസിഡന്റ്**
**ശ്രീ. ബാലകൃഷ്ണൻ**

ജി എച്ച് എസ്സ് എസ്സ് ചീമേനിയിലെ ഐടി യിൽ മികവ് തെളിയിച്ച മിടുക്കരായ **'ലിറ്റിൽ കൈറ്റ്സ്'** അംഗങ്ങൾപുറത്തിറക്കുന്ന **'ഡിജിറ്റൽ മാഗസിൻ'** ആയ **"e – താളുകൾ"** ന് എല്ലാ ആശംസകളും നേരുന്നു. അവർക്ക് പരിശീലനം നൽകുന്ന അധ്യാപകരെ പ്രത്യേകമായി അഭിനന്ദിക്കുന്നു.

എന്ന്,

ബാലകൃഷ്ണൻ,
പി ടി എ പ്രസിഡന്റ്,
ജി എച്ച് എസ്സ് എസ്സ് ചീമേനി.

ചീമേനി,
ജനുവരി 10, 2020.

# ആശംസ

**സ്റ്റാഫ് സിക്രട്ടറി**
**ശ്രീ. പി. സതീശൻ മാസ്റ്റർ**

ജി എച്ച് എസ്സ് എസ്സ് ചീമേനിയിലെ ഈ വർഷത്തെ **'e – താളുകൾ'** എന്ന ഡിജിറ്റൽ മാഗസിൻ ഉള്ളടക്കത്തിലും, അവതരണത്തിലും വളരെ മികവ് പുലർത്തുന്നു. ഇത് കുട്ടികളുടെ മാതൃകാപരമായ പ്രവർത്തനത്തിന് ഒരു മികച്ച ഉദാഹരണവും, ഏറെ അഭിനന്ദനാർഹവുമാണ്. പ്രസ്തുത സംരംഭത്തിന് സ്കൂൾ സ്റ്റാഫിന്റെയും, എന്റെ വ്യക്തിപരവുമായ ആശംസകൾ നേരുന്നു.

എന്ന്,

സതീശൻ.പി,
സ്റ്റാഫ് സിക്രട്ടറി,
ജി എച്ച് എസ്സ് എസ്സ് ചീമേനി.

ചീമേനി,
ജനുവരി 10, 2020.

# ആശംസ

**സ്കൂൾ ഐ.ടി. കോ–ഓർഡിനേറ്റർ**
**ശ്രീ.രാജേഷ്. കെ.കെ.പി.**


ജി എച്ച് എസ്സ് എസ്സ് ചീമേനിയിലെ **'ലിറ്റിൽ കൈറ്റ്സ്'** അംഗങ്ങൾ തയ്യാറാക്കിയ **"e – താളുകൾ"** എന്ന ഡിജിറ്റൽമാഗസിന് എല്ലാ ആശംസകളും നേരുന്നു.

എന്ന്,

രാജേഷ്. കെ.കെ.പി.,
സ്കൂൾ ഐ.ടി. കോ–ഓർഡിനേറ്റർ,
ജി എച്ച് എസ്സ് എസ്സ് ചീമേനി.

ചീമേനി,
ജനുവരി 10, 2020.

## അരങ്ങിലും അണിയറയിലും...............



# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ

**റഹ്ഷാന എം (9B)**

അസോസിയേറ്റ് എഡിറ്റർ

**മുസഫർ മുനീബ് (9B)**

സ്റ്റാഫ് അഡ്വൈസർമാർ

**ശ്രീ. രാജേഷ്.കെ.കെ.പി. (കൈറ്റ് മാസ്റ്റർ )**

**ശ്രീമതി ഷീബ എം വി (കൈറ്റ് മിസ്ട്രസ്സ് )**

# താളുകൾ മറിക്കുമ്പോൾ ...............

..........തുടക്കം ....................................................8
ദുരാഗ്രഹിയായ ടിക്കു.........................................9
ലയണൽ മെസി.............................................10
രാത്രിമഴ.....................................................11
ചോദ്യം.......................................................12
വാദ്യാലയ ം..................................................12
മാന്ത്രിക ബ്രഷ്..............................................13
രണ്ടാം നോട്ടം..............................................14
സത്യസന്ധനായ യാചകൻ..................................14
മാലിന്യം......................................................15
അത്യാഗ്രഹം ആപത്ത്......................................15
ദരിദ്രനായ കർഷകൻ......................................16
കുഞ്ഞ് മനസ്സ്...............................................17
മനസ്സിൻെറ വേദന........................................18
.........ഒടുക്കം..............................................19

## തുടക്കം ............

വിവര വിനിമയ സാങ്കേതികവിദ്യയുടെ വികാസത്തോടെ, ലോകം അക്ഷരാർത്ഥത്തിൽ തന്നെ കൈക്കുമ്പിളിലാണല്ലോ? വൈജ്ഞാനിക വിസ്ഫോടനത്തിന്റെ ഈ പുതിയ കാലത്ത്, ഐ.സി.ടി. യിലെ നൂതനങ്ങളായ സങ്കേതങ്ങൾ പരിചയപ്പെടുന്നതിനും, പ്രയോഗത്തിൽ വരുത്തുന്നതിനും, വിദ്യാർത്ഥികളായ ഞങ്ങൾക്ക് **ഹൈടെക് വിദ്യാലങ്ങളിലെ ഐ.ടി. കൂടായ്മയായ ലിറ്റിൽ കൈറ്റ്സ്** വഴി സുവർണ്ണാവസരം കൈവന്നിരിക്കുകയാണ്. ഞങ്ങൾക്ക് ലഭിച്ച പരിശീലനത്തിലെ സങ്കേതങ്ങൾ പ്രയോഗിച്ച് , ആദരണീയരായ ഗുരുക്കന്മാരുടെ മാർഗ്ഗ നിർദ്ദേശത്തോടെ ഞങ്ങൾ **"e – താളുകൾ"** എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ അവതരിപ്പിക്കുകയാണ്.

ചീമേനി ഗവ: ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഏറ്റെടുത്ത ഈ സംരംഭത്തിന് നിങ്ങളേവരുടെയും പിൻതുണയും, അനുഗ്രഹവും ഉണ്ടാകുമല്ലോ? പരിചയക്കുറവിന്റെയും മറ്റും പരിമിതികൾ ധാരാളം കാണമായിരിക്കും. എങ്കിലും ഒമ്പതാം തരം വിദ്യാർത്ഥികളായ ഞങ്ങളുടെ ഈ ഉദ്യമത്തിന് എല്ലാവരും പരിപൂർണ്ണ പിൻതുണ നൽകുമെന്ന ശുഭപ്രതീക്ഷയോടെ ഈ മാഗസിൻ നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നു.



എന്ന്

വിനയപൂർവ്വം

**റഹ്ഷാന എം**

**ചീഫ് എഡിറ്റർ**

# ദുരാഗ്രഹിയായ ടിക്കു

ഒരിടത്തൊരു വനത്തിൽ സുഹൃത്തുക്ക-
ളായ രണ്ട് കരടികൾ ഉണ്ടായിരുന്നു.
അവരുടെ പേരാണ് ടിക്കുവും മിക്കുവും.
അവർ രാവിലെ രണ്ട് വഴിക്കായി ഭക്ഷണം അന്വേഷിച്ച് പോകും.വരു -
ൾ അവരുടെ കൈയിൽ എന്തെ ലും
ഭക്ഷണം ഉണ്ടാകും.രണ്ടുപേർക്കും കിട്ടി-
യ ഭക്ഷണം അവർ തുല്യമായി വീതി-
ച്ച് കഴിക്കും. ഒരു ദിവസം അവർ ഭക്ഷണം തേടി പോയപ്പോൾ ടിക്കു-
വിന് മധുരമുള്ള പഴങ്ങൾ കിട്ടി. ടിക്കു
വിചാരിച്ചു ഈ പഴങ്ങളൊക്കെ കൊ -
ണ്ടുപോയാൽ മിക്കുവിന് കൊടുത്ത്
അതിൻെ പകുതി മാത്രമല്ലെ അവന് -
കിട്ടുകയുള്ളൂ എന്നു കരുതി അവൻ അ-
ത് കാട്ടിൽ ഒളിപ്പിച്ചുവച്ചു. രാത്രി മിക്കു
ഉറങ്ങിയതിനു ശേഷം വരാമെന്നു കരു
തി മിക്കുവിൻെ അടുത്തേക്ക് ചെന്നു
മിക്കു എന്നും പോലെ ഭക്ഷണം കരു-
തിയാണ് വന്നത് ടിക്കു മിക്കുവിനോട്
പറഞ്ഞു. ഇന്ന് എനിക്ക് ഒരു ഭക്ഷണ-
വും കിട്ടിയല്ലെന്ന്. എന്നിട്ട് മിക്കു ശേഖ
രിച്ച ഭക്ഷണത്തിൽ നിന്നും പകുതി
അവന് കൊടുത്തു. രാത്രിയായി മിക്കു
ഉറങ്ങി ആ നേരത്ത് ടിക്കു ഉണർന്ന്
ആ പഴങ്ങൾ വച്ച സ്ഥലത്തേക്ക് പോ
യി അവിടെ നോക്കിയപ്പോൾ ടിക്കു
അത്ഭുതപ്പെട്ടു. അവൻ അവിടെ വച്ച -
പഴങ്ങളൊന്നും കാണാനില്ല. അതൊ -
ക്കെ ആരോ കൊണ്ടുപോയി. ടിക്കു വളരെ വിഷമിച്ചു. ആ പഴങ്ങൾ കൊ
ണ്ടുപോയിരുന്നെങ്കിൽ നേരത്തേ മിക്കു
വിന് കൊടുത്തതിൽ നിന്നും പകുതി
യെങ്കിലും ആ പഴങ്ങൾ കഴിക്കാൻ
പറ്റുമായിരുന്നു. അത്യാഗ്രഹം നന്നല്ല.

ഫർഹാന. എൻ

# ലയണൽ മെസി

*അർജന്റിനയിലെ റൊസാരിയൊ തെരുവിൽ ഒരു പയ്യൻ ജനിച്ചു. അവന് ഫുട്ബോൾ ചെറുപ്പത്തിൽ തന്നെ വളരെ ഇഷ്ടമായിരുന്നു. എട്ടാം വയസ്സിൽ അവന്റെ കാലിന് ഒരു രോഗം ബാധിച്ചു. അവനെ കൊണ്ടുപോയി ഡോക്ടറെ സമീപിച്ചപ്പൊൾ ഡോക്ടർ പറഞ്ഞത് "അവനെ ഇനി കളിക്കാൻ ഗ്രൗണ്ടിലേക്ക് അയക്കരുത് അയച്ചാൽ ഇവന്റെ കാലുകൾ ഇനി വളരില്ല." പക്ഷെ അവന്റെ മാതാപിതാക്കൾ അത് കേട്ടില്ല. അവനെ അവന്റെ ലോകമായ ഫുട്ബോളിലേക്ക് പറഞ്ഞയച്ചു. അവൻ കളിച്ചു, ഒരുനാൾ അവനെത്തെടി സ്പെയിനിലെ വമ്പൻ ക്ലബ്ബായ ബാർസെലോണ അവനെ സ്വന്തമാക്കി. പിന്നെ നടന്നത് ചരിത്രം, അവന്റെ ഇടംകാലിലെ ഇന്ദ്രജാലം ലോകം കണ്ടു. ഇന്നവൻ ലോകം വാഴ്ത്തുന്ന ഫുട്ബോൾ ലോകത്തെ ഏറ്റവും മികച്ച കളിക്കാരനിലൊരാളായി. ഫുട്ബോൾ ലോകത്തെ ഭരിക്കുന്ന രാജാവായി മാറി. ഇന്ന് അവനെത്തേടി വരാത്ത ഫുട്ബോൾ പുരസ്കാരങ്ങളില്ല. അവന്റെ ആരാധകർ സ്നേഹത്തോടെ അവനെ 'മിശ്ശിഹ' എന്ന് വിളിച്ചു.*

**അശ്വിൻ**

# രാത്രിമഴ

രാത്രിമഴ പണ്ടെന്റെ

സൗഭാഗ്യ രാത്രിളി

ലെന്നെച്ചിരിപ്പിച്ച

കുളിർകോരിയണിയിച്ച

വെണ്ണിലാവെക്കാൾ

പ്രിയം തന്നുറക്കിയോ

രന്നത്തെയെൻ പ്രേമസക്ഷി

രാത്രിമഴ ഇന്നെൻെറ

രോഗോഷ്ണശയ്യയിൽ

വിനീദ്രയാമങ്ങളി

ലിരുട്ടിൽ തനിച്ചുകരയാനും

മറന്നു ഞാനുഴലവേ,ശിലപോലെ

യുറയവേ,എൻദുഃഖസാക്ഷി

രാത്രിമഴയോടുഞാൻ

പറയട്ടെ ഞാൻ;

****(ശ്രീമതി സുഗതകുമാരിയുടെ കവിത പകർത്തി എഴുതിയത് ........)*

**ഫാസിൽ**

## ചോദ്യം

രാത്രികൾക്ക് തക്ഷസത്രുപം
പകലുകൾക്ക് രക്തബന്ധം
എങ്ങു നിന്നോ നിലയ്ക്കാത്ത നിലവിളികൾ
ഈ രാത്രിയ്ക്ക് ഇനിയൊരു പകലുണ്ടാകുമോ?
നാളെ നേരം പുലരുമ്പോൾ
ഒരിറ്റു പ്രാണവായുവിന്
ഞാൻ ഏത് ഓക്സിജൻ പാർലർ
തേടിപ്പോകും?

**അർജ്ജുൻ**

## വാദ്യാലയം

ഓർമ്മകളിൽ എന്റെ വാദ്യാലയം അക്ഷരമാമര െകാബിലിരു െന്നാന്റെ

പുസ്തകത്തളെില ഓർമ്മകളിൽ അറിവിന്റെ അഗ്നിജ്വാലകൾ പാറിക്കളിക്കുന്ന

തീഗോളമാണെന്റെ വാദ്യാലയം.

അറിവും നിറവും പകർന്നു തന്നു

അറിയേണ്ട സൗഹൃദം കൂടെ വന്നു

ഈ ജീവിതത്തിൽ എൻ കൂടെയുണ്ട്

നിൻ ഓർമകൾ മാത്രം

നിൻ ഓർമകൾ മാത്രം .............

**മുസാഫർ**

# മാന്ത്രിക ബ്രഷ്

ഗോപു ഒരു പാവപ്പെട്ട ചിത്രകാരൻ ആയിരുന്നു. അയാളുടെ ഗ്രാമത്തിൽ എല്ലാവരും ദരിദ്രർ ആയിരുന്നു.അയാളുടെ ഗ്രാമം നദികളും തോട്ടുകളും കൊണ്ട് സുന്ദരമായിരുന്നു.ഗോപു നദീതീരത്തിരുന്ന് സുന്ദരമായ ചിത്രങ്ങൾ കണ്ട് പ്രശംസിച്ചിരുന്നു.

ഒരു ദിവസം ഗോപു നഗീതീരത്തിരുന്ന് ചിത്രം വരക്കുകയായിരുന്നു.പെട്ടെന്ന് നദിയിൽ ഒരു ദേവത പ്രത്യക്ഷപ്പെട്ടു.ദേവത ഗോപുവിൻെറ ചിത്രങ്ങൾ കണ്ട് അവന് ഒരു മാന്ത്രിക ബ്രഷ് നൽകി.ആ തൂലിക വളരെ സുന്ദരമായിരുന്നു.ഗോപു ആ ബ്രഷ് കൊണ്ട് ആദ്യമായി ഒരു പക്ഷിയുടെ ചിത്രം വരച്ചു.ആ ചിത്രത്തിന് ഒരു ദിവസം കൊണ്ട് ജീവൻവച്ചു.പക്ഷി ചിറക് വിടർത്തി ആകാശത്തേക്ക് പറന്നു.

ഗോപു ആ പക്ഷിയെ നോക്കി സന്തോഷത്തോടെ പുഞ്ചിരിച്ചു.അപ്പോൾ അവൻെറ മനസ്സിൽ ഒരു ചിന്തവന്നു.അയാൾ വിചാരിച്ചു ഈ ഗ്രാമത്തിലെ ജനങ്ങളെ സഹായികക്കുകയാണ് എൻെറ കർത്തവ്യം.അയാൾ ഗ്രമീണർക്ക് വേണ്ടി ധാന്യങ്ങൾ,വീട്ടുകൾ,വസ്ത്രങ്ങൾ മുതലായവ വരച്ചു. അൽപ്പസമയത്തിനുള്ളിൽ അവയെല്ലാം രൂപം കൊണ്ടു. ആളുകൾ സന്തോഷത്തോടെ തുള്ളിച്ചാടി. ഗോപുവിൻെറ ജീവിതവും മാറി. ആ ഗ്രാമക്കാർ സന്തോഷത്തോടെ ജീവിക്കാൻ തുടങ്ങി.

പ്രണവ്

## രണ്ടാം നോട്ടം

*ഒന്നാമത്തേതല്ല*
*രണ്ടാമത്തേത്....*
*അതാണ് നോട്ടം*
*കോട്ടങ്ങൾ തേടുന്ന ഓട്ടം*

*മാലച്ചിരികൾക്ക്*
*തിരിതെളിയിക്കും കൂട്ടം*
*വോട്ടുകുത്താൻ നിൽക്കുമ്പോൾ*
*വെട്ടം*

*തോളിലേക്ക് കൈനീട്ടി*
*കൂടെ നിർത്താൻ ചാട്ടം*
*എല്ലാം അവരുടെ നാട്യം*
*ഉരുൾപൊട്ടും കാപട്യം!*

**ജിഷ്ണു**

## സത്യസന്ധനായ യാചകൻ

ഒരിടത്ത് ഒരു യാചകൻ ഉണ്ടായിരുന്നു. ഒരു നേരത്തെ പട്ടിണി മാറാൻ അയാൾ യാചിച്ചുകൊണ്ടേയിരുന്നു. പക്ഷേ അതിനുള്ള വകയൊന്നും കിട്ടിയില്ല. അയാൾ സത്യസന്ധനും കൂടി ആയിരുന്നു. അയാൾ ആരുടെ കൈയ്യിൽ നിന്നും മോഷ്ടിക്കുകയോ തട്ടിപ്പറിക്കുകയോ ചെയ്യില്ല. കിട്ടിയതുകൊണ്ട് തൃപ്തിപ്പെടുന്നു. അതുകൂടാതെ തനിക്കുകിട്ടിയ ഭക്ഷണത്തിന്റെ ഒരു പങ്ക് ചുറ്റു മുളള

പക്ഷി മൃഗാദികൾക്കും യാചകൻ നൽകും ഈ കാഴ്ച അവിടുത്തെ രാജാവ് കാണുകയുണ്ടായി.ഈ കാഴ്ച അദ്ദേഹത്തിന് സന്തോഷവും നേരിയ ഒരു ആശങ്കയും ഉണ്ടാക്കി.തനിക്കു കിട്ടിയ

ഭക്ഷണം കുറച്ചാണെങ്കിലും അത് മറ്റുളള ജീവികൾക്ക് പങ്കുവെക്കുന്നു.യാചകൻ ഇങ്ങനെ ഒരു പ്രവൃത്തി ചെയ്യുന്നത് കൊണ്ട് രാജാവിന് അതിയായ ആഹ്ലാദം തോന്നി.ഈ യാചകന് കൊട്ടാരത്തിൽ എന്തെങ്കിലും ജോലി നൽകണമെന്ന് രാജാവ് തീരുമാനിച്ചു. അത് യാചകനെ അറിയിച്ചു. പക്ഷേ അയാൾക്ക് താത്പര്യം ഉണ്ടായിരുന്നില്ല.എന്നിട്ടും രാജാവ് നിർബന്ധിച്ചു. പക്ഷേ അയാൾ രാജാവിനോട് പറഞ്ഞു. "ഞാൻ ഒരു ഭിക്ഷക്കാരനാണ്.ഞാൻ കൊട്ടാരത്തിൽ"എന്ന് പറഞ്ഞു അയാൾ തന്റെ വാക്യം നിറിത്തി.

**റഹീമ.എൻ**

## മാലിന്യം

*ഫോൺ പാലുകുടിക്കുന്നു*
കണ്ണടച്ച്
മുട്ടിയും ഉരുമ്മിയും
നിന്ന് സുതാര്യം
ഉറി തകർക്കുന്നു
പതിനാല്
ലോകവും വിഴുങ്ങി
അവിശ്യാസം
ഇരുട്ട് വ്യാപിച്ച്
സൗരോർജ്ജം
പരക്കുന്നു.

**റഹീമ.എൻ**

## അത്യാഗ്രഹം ആപത്ത്

ഒരു ഗ്രാമത്തിൽ ഒരുനായ ഉണ്ടായിരുന്നു. വിശന്നു വലഞ്ഞ് നടക്കുകയായിരുന്ന ആ നായ അവിടെ ഒരു വണ്ടിയിൽ ഒരാൾ
വേസ്റ്റ് കൊണ്ട് തട്ടുന്നത് കണ്ടു.അവിടെ ചെന്നു നോക്കുബോൾ
ഒരു എല്ലിൻ കഷ്ണം കണ്ടു.അത് കടിച്ച് പുഴ കടന്നു അപ്പുറം പോയിരുന്ന് കഴിക്കാം എന്ന് കരുതി. അങ്ങനെ ആ നായ
തടി പാലത്തിലൂടെ നടക്കുബോൾ അതിന്ന നിഴൽ കണ്ട് വേറെ നായയാണെന്ന് തെറ്റിദ്ധാരിച്ചു .അപ്പോൾ നായ ഒന്നു ചിന്തിച്ചു
ഇവനെ ഒന്ന് പേടിപ്പിച്ചാൽ അവന്റെ കൈയ്യിലുള്ള എല്ലിൻ കഷ്ണവും സ്വന്തമാക്കാം എന്ന് കരുതി അതിനെ നോക്കി കുരച്ചു.
അപ്പോൾ നായയുടെ കയ്യിലുള്ള എല്ലിൻ കഷ്ണം താഴെ വെള്ളത്തിൽ വീണു.അപ്പോഴാണ് നായക്ക് മനസ്സിലായത് അത് തന്റെ നിഴലാണ് എന്ന് .

**മർസാന**

# ദരിദ്രനായ കർഷകൻ

ഒരിടത്തൊരിടത്ത് ഒരു ദരിദ്രനായ ഒരു കർഷകനുണ്ടായി–
രുന്നു. ആ നാട്ടിലെ ഏറ്റവും നല്ല കർഷകനാണ് അയാൾ എന്നിട്ടും
അയാൾക്ക് ആരും ഒരു വിലയും കൽപ്പിച്ചില്ല അതുകൊണ്ട് തന്നെ
അയാൾക്ക് കൊടുക്കുന്ന പച്ചക്കറികൾക്ക് നല്ല വില നൽകിയില്ല.
ഈ കാരണത്തിൽ അയാൾക്ക് ദാരിദ്രം ഉണ്ടായത് ഒരു
ദിവസം അയാൾ തൻെറ കൃഷിയിടത്ത് പണിയെടുക്കു–
കയായിരുന്നു.അയാളുടെ സ്ഥലം വളരെകുറവായിരുന്നു.
ആ ഉളള സ്ഥലത്തിൽ നിന്ന് പകുതി സ്ഥലത്ത് മാത്രമേ അയാൾ ആദ്യം
കൃഷി ചെയ്തുളളൂ. അങ്ങനെയി–
രിക്കെ ഒരു ദിവസം രാത്രി അയാൾക്ക് ഒരു ബുദ്ധി തോന്നി തൻെ
രണ്ട്സ്ഥലങ്ങളിലും കൃഷി ചെയാതാൽ
കൂടുതൽ വിളവെടുത്ത് ദരിദ്രൻ എന്ന പേര് മാറ്റിയെടു–
ക്കാം എന്ന് അയാൾ കരുതി .അങ്ങനെ അയാൾ അയാളുടെ രണ്ട്
സ്ഥലങ്ങളിലും കൃഷി ചെയ്യാൻ
തുടങ്ങി ആദ്യത്തെ ദിവസത്തെ കൃഷി കഴിഞ്ഞ്
വീട്ടിൽ തിരിച്ചെത്തി. അന്ന് മുമ്പ് കൃഷി ചെയ്ത സ്ഥല–
ത്താണ് വൃത്തിയാക്കിയിട്ടത് രണ്ടാമത്തെദിവസം
വൃത്തിയാക്കാൻ വേണ്ടി അയാൾ പോയി ആദ്യം
കാട് വെട്ടി വൃത്തിയാക്കി പിന്നെ കിളച്ചീടുമ്പോൾ
എന്തോ തിളങ്ങുന്നത് കണ്ടു അയാൾ അടുത്തുപോയി
കൈകൊണ്ട് എടുത്തു അപ്പോൾ കുറേ സ്വർണനാണയ–
ങ്ങൾ കണ്ടു. അങ്ങനെ അത് രാജാവിൻെറ അടുത്തു–
ചെന്ന് പറഞ്ഞു. രാജാവിൻെറ ഭടൻമാർ അത് എടു–
ത്തു കൊണ്ടു വന്നു.സഹജീവികളെ സ്നേഹിക്കുന്ന നല്ല–
വനായ രാജാവ് ആ സ്വർണനാണയങ്ങളിൽ ഒന്നു പോലും എടുക്കാതെ
അതെല്ലാം ഈ കർഷകന് കൊടുത്തു . അങ്ങനെ ആ കർഷകൻെറ ദാരിദ്രം
എല്ലാം
മാറി ഒരു വീട് കെട്ടി.ഇത്രയും സൗഭാഗ്യങ്ങൾ ഉണ്ടായിട്ടും അയാൾ എന്നും
കൃഷിചെയ്യും . അങ്ങനെ
അയാൾ ഒരു സുന്ദരിയായ പെൺ കുട്ടിയെ വിവാഹം
ചെയ്തു.ദരിദ്രനായ അവൻ ഒരു പണക്കാരനായി മാറി.
എന്നും നന്മ ചെയ്യുന്നവന് നന്മ മാത്രമേ ലഭിക്കുകയുളളൂ.

1.

**റഹ്ശാന**

# കുഞ്ഞ് മനസ്സ്

തൈമാണിയുഞ്ഞാലിലാട്ടമാ–

പൈതലിൻ പാവനാമാംവനം

കളങ്കമേതും തൊട്ടുതീണ്ടാ–

തുള്ളൊരു മനമെങ്ങുവേറെ

ഇത്രക്ഷണികമ ജീവിതയാത്രയിൽ

പാപങ്കില മനസ്സുകൾക്കിടയിൽ

അന്ധകാരത്തിലെ ഇമ്മിണി

വെളിച്ചമായ് തൊളിഞ്ഞാട്ടമാ–

യിളം പൈതലിൻ കളിയിലെ

കുഞ്ഞി കുറുമ്പു കാണവതെന്തുരസം

സ്നേഹ ശാസനയിൽ ചിണുങ്ങി–

ക്കരയുകിലും ശാഠ്യവിചാരത്തിൽ

പിണങ്ങിനിൽക്കുകിലും

അല്പനേരം കൊണ്ടിണക്കമായ്

വന്നിട്ടുമായിളം പൈതലിൻ

മനമെത്ര ശുദ്ധം

**ആസിഫ**

# മനസ്സിൻെറ വേദന

ഒരിടത്ത് ഒരു രാജ്യത്തെ രാജാകുമാരിയായിരുന്ന മീനു. അവൾക്ക് ഒരു സന്തോഷവും ഉണ്ടായിരുന്നില്ല. അതിനു കാരണം അവളുടെ മനസ്സ് തന്നെയായിരുന്നു. അവളുടെ മനസ്സിന് പറ്റിയ നേദനയാണ് ഇതിനിളള കാരണം അവൾ ഒരു രാജകുമാരിയായിരുന്നതിനാൽ അവളുടെ ബാല്യകാലം അവൾക്ക് നഷ്ട്പെട്ടു ആ വേദന അവൾക്ക് സഹിക്കാനാകുന്നതിനു അപ്പുറമായിരുന്നു. അവൾക്ക് രാജകുമാരിയാകുന്നതിനുളള മോഹം നഷ്ടപ്പെട്ടു.

അവൾക്ക് ഒരു ദിവസം ഒരു മോഹം തോന്നി കൂട്ടുകാരുമായി ഒന്ന് കളിച്ചുനടക്കണം. അവൾ ആരും ഇല്ലാത്ത നേരത്ത് കൊട്ടാരത്തിൽ നിന്നും പുറത്തുകടന്നു.കുറച്ചു സമയം എല്ലാവരുമൊത്ത് കളിച്ചു നടന്നു. അപ്പോഴാണ് കൊട്ടാരത്തിൽ നിന്നും വിളിവന്നത് . ആ സന്തോഷത്തിൽ ആ വിളി അറിഞ്ഞില്ല. അപ്പോൾ അമ്മ പുറത്തേക്ക് വന്നു.എന്നെ അകത്തേക്ക് വലിച്ചുകൊണ്ടുപോയി.

എൻെറ സന്തോഷം അതിൽ ഇല്ലാതായി കുറച്ചു സമയം ഞാൻ ആ വേദനയിൽ ഇരുന്നു. ആ വേദന പങ്കിടാൻ കൂടെ ആരും ഉണ്ടായിരുന്നില്ല. പക്ഷേ എൻെറ വേദന പങ്കിടാൻ എനിക്ക് ഒരു അനുജൻ വരുന്നു. ആ സന്തോഷംഎൻെറ ജീവിത്തിൽ ഒരു പുതിയ ജീവിതം തന്നതു പോലെ ഒരു അനുഭവം എന്നിലുണ്ടായി.എൻെറ സന്തോഷത്തെ പറ്റിയാണ് പിന്നെ ഞാൻ ചിന്തിച്ചത്. ആ സന്തോഷത്തെ ഞാൻ കാത്തിരുന്നു.

**റഹ്ഷാന.എം**

**...................ഒടുക്കം**

*ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുകയെന്നത് പൂവണിയാത്ത കിനാവായി അവശേഷിക്കുമ്പോളാണ് സ്കൂളിലെ കൈറ്റ് മാസ്റ്ററേഴ്സ് അതിരില്ലാത്ത പിൻതുണയും പ്രോത്സാഹനവുമായി ഞങ്ങളെ അനുഗ്രഹിച്ചത്. ഈ സംരംഭം വിജയിപ്പിക്കാൻ അക്ഷീണം പ്രവർത്തിച്ച ഏവർക്കും" **e–താൾളുകൾ'** എഡിറ്റോറിയൽ ബോർഡിനു വേണ്ടി ഹൃദയപൂർവ്വം നന്ദി... നന്ദി... നന്ദി.....*



**മുസഫർ മുനീബ്**

**അസോസിയേറ്റ് എഡിറ്റർ**